കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 32946ഇഎം1/11/തസ്വഭവ തിരുവനന്തപുരം,തീയതി: 29/12/2011 .

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് എംപവർമെന്റ് ആന്റ് അക്കൗണ്ടബിലിറ്റി ഇൻസെന്റീവ് സ്കീം - ത്രിതല പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്

സൂചന:- തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പിന്റെ 22/12/2011-ലെ 3063/11/തസ്വഭവ നമ്പർ ഉത്തരവ്.

ഭാരത സർക്കാരിന്റെ പഞ്ചായത്തീരാജ് മന്ത്രാലയം രാജ്യത്തെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ത്രിതല പഞ്ചായത്തുകൾക്ക് ഇൻസെന്റീവ് നൽകുന്നതിന് തീരുമാനിച്ചിട്ടുള്ള വിവരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ നിന്നും അർഹരായ പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നതിലേക്കായി പൂർത്തീകരിച്ചിരിക്കേണ്ട യോഗ്യതാ മാനദണ്ഡങ്ങൾ സംബന്ധിച്ചും അതു പ്രകാരം സമർപ്പിക്കേണ്ട അപേക്ഷാഫോറവും ഉൾപ്പെടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കുവാൻ പഞ്ചായത്തു കളോട് ആവശ്യപ്പെടുന്നു.

1) ഇൻസെന്റീവിനായി പുറപ്പെടുവിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുള്ളതും അതുപ്രകാരം അപേക്ഷ സമർപ്പിക്കുവാൻ അർഹത നേടിയിട്ടുള്ളതുമായ പഞ്ചായത്തുകൾ അപേക്ഷാഫോറത്തിനോടൊപ്പം പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ള ശുചീകരണ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം കൂടി ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തുകൾ സമർപ്പിക്കുന്ന അപേക്ഷയിൽ ഗ്രാമസഭ സംബന്ധിച്ച വിശദാംശങ്ങൾ പൂരിപ്പിക്കുന്നതോടൊപ്പം ഇതിനനുബന്ധമായി ചേർത്തിട്ടുള്ള പ്രൊഫോർമ കൂടി പൂരിപ്പിച്ച് നൽകേണ്ടതാണ്.

3) മേൽ വിവരങ്ങൾ ഉൾപ്പെടെയുള്ള പൂരിപ്പിച്ച അപേക്ഷകൾ, അർഹരായ പഞ്ചായത്തുകൾ സൂചന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള അധികാരികൾ മുൻപാകെ 2/01/2012 -നകം സമർപ്പിക്കേണ്ടതാണ്.

എസ്.ജമുന

അഡീഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

# അനുബന്ധം

ഓരോ വാർഡിലും കൂടിയ ഗ്രാമസഭകളുടെ എണ്ണവും , തീയതിയും, പങ്കാളിത്തവും (2009-10)

| വാർഡ് നമ്പർ | വാർഡിന്റെ പേര് | ആകെ വോട്ടർമാരുടെ എണ്ണം | ഒന്നാം ഗ്രാമസഭ | | രണ്ടാം ഗ്രാമസഭ | | മൂന്നാം ഗ്രാമസഭ | | നാലാം ഗ്രാമസഭ | | എല്ലാ ഗ്രാമസഭകളിലും കൂടെ ആകെ പങ്കെടുത്തവർ |
|---|---|---|---|---|---|---|---|---|---|---|---|
| | | | തീയതി | പങ്കെടുത്തവർ | തീയതി | പങ്കെടുത്തവർ | തീയതി | പങ്കെടുത്തവർ | തീയതി | പങ്കെടുത്തവർ | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| ആകെ | | | | | | | | | | | |
| പങ്കാളിത്തത്തിന്റെ ശതമാനം<br>പങ്കെടുത്തവർ x100 / ആകെ വോട്ടർമാർ | | | | | | | | | | | |

(ആഫീസ് മുദ്ര)

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരും ഒപ്പും